പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2240 18.12.2012 -ലെ മറുപടി

ബസ്സ്റ്റോപ്പും ഫെയർസ്റ്റേജും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | പൊന്നാനി-ആൽത്തറ-ഗുരുവായൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ്, ടൗൺ ടു ടൗൺ ബസുകൾക്ക് അനുവദിച്ചിരിക്കുന്ന സ്റ്റോപ്പുകളും, ഫെയർസ്റ്റേജ് കേന്ദ്രങ്ങളും വിശദമാക്കുമോ; | (എ) | പൊന്നാനി-ആൽത്തറ-ഗുരുവായൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ് സർവ്വീസുകളൊന്നും നടത്തുന്നില്ല. ഈ റൂട്ടിൽ നടത്തുന്ന ടൗൺ ടു ടൗൺ ഓർഡിനറി സർവ്വീസുകൾക്ക് ഗുരുവായൂർ, നായരങ്ങാടി, ആൽത്തറ, പെരുമ്പടപ്പ്, ചമ്രവട്ടം ജംഗ്ഷൻ എന്നിവയാണ് ഫെയർ സ്റ്റേജുകൾ. ഗുരുവായൂർ, ആനക്കോട്ട, തമ്പുരാൻ പടി, അഞ്ഞൂർ റോഡ്, നായരങ്ങാടി, വടക്കേക്കാട്, ആൽത്തറ പെരുമ്പടപ്പ്, എരമംഗലം, മാടഞ്ചേരി, കരിങ്കല്ല ത്താണി, കുണ്ടുകടവ് ജംഗ്ഷൻ, ചമ്രവട്ടം ജംഗ്ഷൻ എന്നിവയാണ് സ്റ്റോപ്പുകൾ. |
| (ബി) | കുണ്ടുകടവ് ജംഗ്ഷൻ കഴിഞ്ഞാൽ സൂപ്പർഫാസ്റ്റ്, ടൗൺ ടു ടൗൺ ബസുകൾക്ക് 12 കി.മീ കഴിഞ്ഞുള്ള പെരുമ്പടപ്പിലാണ് അടുത്ത ഫെയർസ്റ്റേജ് എന്നതുകൊണ്ട് ജനങ്ങൾ ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ കുണ്ടുകടവ് ജംഗ്ഷൻ കഴിഞ്ഞാൽ മാറഞ്ചേരി അല്ലെങ്കിൽ എരമംഗലത്ത് ഫെയർസ്റ്റേജ് അനുവദിക്കുമോ; | (സി) | ഇതു സംബന്ധമായി പരാതി ലഭിച്ചാൽ പരിശോധിക്കാവുന്നതാണ്. |
| (ഡി) | പ്രസ്തുത റൂട്ടിലൂടെ തിരൂർ/കോഴിക്കോട് ഭാഗത്തേക്ക് കൂടുതൽ സർവ്വീസ് അനുവദിക്കുമോ? | (ഡി) | ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ ലഭ്യതയനുസരിച്ച് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ